**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ - സ്കീം - തുക വിനിയോഗം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം. 3222/2013/തസ്വഭവ        തിരുവനന്തപുരം, തീയതി 31/12/2013.**

---

പരാമർശം:- 17.12.2012-ലെ സ.ഉ.(സാധാ) 3094/2013/ തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നടപ്പിലാക്കുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭ്യാൻ (RGPSA)സ്കീം മുഖേന 2013-14 വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ 44.22 കോടി രൂപയുടെ വാർഷിക പദ്ധതിയിൽ ആദ്യ ഗഡുവായി 16.58 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വിവിധ ഘടക പദ്ധതികൾക്കായി (Component-wise Plan) പ്രസ്തുത തുക വിനിയോഗിക്കുന്നതാണ്.

ഘടക പദ്ധതികളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ശക്തിപ്പെടുത്തൽ (Strengthening of State Election Commission) എന്ന ഘടക പദ്ധതി പ്രകാരം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി ആദ്യ ഗഡുവായി അനുവദിച്ച തുകയിൽ നിന്ന് ഒരു കോടി രൂപ (Rs. 1 crore) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

മേൽ പറഞ്ഞ തുക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് വിതരണം ചെയ്യുന്നതിനായി പദ്ധതി നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ ഖോബ്രാഗഡെ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), മുളംകുന്നത്തുകാവ്, തൃശ്ശൂർ.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD), കൊട്ടാരക്കര

സെക്രട്ടറി ജില്ലാ പഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ